49 തദ്ദേശവാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് 30ന്

വിജ്ഞാപനം നാളെ

തിരുവനന്തപുരം: തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ വെള്ളനാട് വാർഡ് ഉൾപ്പെടെ സംസ്ഥാനത്തെ 49 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഈ മാസം 30ന് ഉപതെരഞ്ഞെടുപ്പ് നടത്തുമെന്നു സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു.

വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. നാമനിർദേശപത്രിക നാളെ മുതൽ 11 വരെ സമർപ്പിക്കാം. സൂക്ഷ്മ പരിശോധന 12നു നടത്തും. സ്ഥാനാർഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 15 ആണ്. വോട്ടെണ്ണൽ 31ന് രാവിലെ 10നു നടക്കും.

മാതൃകാ പെരുമാറ്റച്ചട്ടം ഇന്നലെ നിലവിൽ വന്നു. ഉപതെരഞ്ഞെടുപ്പുള്ള ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ടു വരുന്ന ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളിലും പെരുമാറ്റച്ചട്ടം ബാധകമാണ്. എന്നാൽ പഞ്ചായത്തുകളിൽ ആ പഞ്ചായത്ത് പ്രദേശം മുഴുവനും മുനിസിപ്പാലിറ്റികളിൽ അതത് വാർഡുകളിലുമാണ് പെരുമാറ്റച്ചട്ടം ബാധകം. ഈ മാസം ഒന്നിനു പ്രസിദ്ധീകരിച്ച പുതിയ വോട്ടർപട്ടിക അടിസ്ഥാനമാക്കിയാണ് ഉപതെരഞ്ഞെടുപ്പ് നടക്കുക.

വോട്ടർപട്ടിക അതത് തദ്ദേശ സ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിലും (sec.kerala.gov.in) ലഭ്യമാണ്.

വയനാട് ഒഴികെയുള്ള 13 ജില്ലകളിലായി ഒരു ജില്ലാപഞ്ചായത്ത് വാർഡിലും നാലു ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും ആറു മുനിസിപ്പാലിറ്റി വാർഡുകളിലും 38 ഗ്രാമപഞ്ചായത്ത് വാർഡുകളിലുമാണ് ഉപതെരഞ്ഞെടുപ്പ് നടത്തുന്നത്.

തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടത് അങ്ങനെയാണ്

സാബു ജോൺ

തിരുവനന്തപുരം: കേരളത്തിലെ സിപിഎമ്മുകാർ എതിരാളികളെ വ്യക്തിപരമായി അധിക്ഷേപിക്കാറില്ലെന്നാണ് ഐ.ബി. സതീഷ് പറയുന്നത്. കാരണം അതു ചെയ്യരുതെന്നാണ് മുഖ്യമന്ത്രി പിണറായി വിജയൻ അവരെ പറഞ്ഞു പഠിപ്പിച്ചിരിക്കുന്നത്.

അങ്ങനെയുള്ള മുഖ്യമന്ത്രിക്കെതിരായ വ്യക്തിപരമായ അധിക്ഷേപങ്ങൾക്കു ചുട്ട മറുപടി നൽകാൻ സിപിഎമ്മുകാർക്കറിയാത്തതു കൊണ്ടല്ല. "ഞങ്ങൾക്കു നിങ്ങളാകാൻ താത്പര്യമില്ലാത്തതു കൊണ്ടു മാത്രമാണത്" എന്നു സതീഷ് പറയുമ്പോൾ അതു വിശ്വസിക്കാം. പിന്നാലെ പ്രസംഗിച്ച അൻവർ സാദത്ത് സതീഷിനു കൈയോടെ മറുപടി കൊടുത്തു. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് അന്നത്തെ പ്രതിപക്ഷനേതാവായ വി.എസ്. അച്യുതാനന്ദൻ ഉമ്മൻ ചാണ്ടിയേക്കുറിച്ചു പറഞ്ഞ ചില കാര്യങ്ങളുണ്ട്. അതു സഭാരേഖകളിലുണ്ട്. വായിച്ചാൽ മതി.

സിപിഎമ്മിന്റെ തെരഞ്ഞെടുപ്പു പരാജയത്തിന്റെ താത്വികാവലോകനവും സതീഷ് നടത്തി. കേന്ദ്ര സർക്കാർ കേരളത്തെ സാമ്പത്തികമായി ഞെരുക്കിയപ്പോൾ അതിനെതിരേ ജനങ്ങളെ സമരസജ്ജരാക്കാൻ സാധിച്ചില്ല. അതാണു തെരഞ്ഞെടുപ്പു പരാജയത്തിനു കാരണമായത്. രണ്ടാം പിണറായി സർക്കാരിനെ മോശക്കാരായി ചിത്രീകരിക്കാൻ വലിയൊരു അണിയറ സൂത്രണം നടക്കുന്നുണ്ട്. അതിനു പിന്നിലുള്ള താക്കട്ടെ ഒരു കൂട്ടം മാധ്യമങ്ങളും.

ഞങ്ങളറിയുന്ന ഞങ്ങളുടെ മുഖ്യമന്ത്രി തലശേരി റെയിൽവേ സ്റ്റേഷനിലിറങ്ങി തൊഴിലാളികളോടു കുശലം പറഞ്ഞു നടന്നു നീങ്ങുന്നയാളാണ്. അങ്ങനെയുള്ളയാൾക്കെതിരേ പൊതുബോധം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നാണു സതീഷിന്റെ വാദം. പാർട്ടി കമ്മിറ്റികളിൽ നടക്കുന്ന ചർച്ചകളെക്കുറിച്ചും മാധ്യമങ്ങൾ പറഞ്ഞു പരത്തുന്നതു പച്ചക്കള്ളമാണത്രെ.

തദ്ദേശസ്ഥാപനങ്ങളിൽ ഒന്നും നടക്കുന്നില്ലെന്നാണു പ്രതിപക്ഷത്തിന്റെ പൊതുവേയുള്ള ആരോപണം. ജനനവും മരണവും രജിസ്റ്റർ ചെയ്യാൻ മാത്രമാണ് ഇപ്പോൾ ജനം തദ്ദേശസ്ഥാപനങ്ങളിൽ പോകുന്നതെന്ന് എൽദോസ് കുന്നപ്പിള്ളിൽ പറഞ്ഞു. പഞ്ചായത്തുകൾക്കുള്ള വികസന ഫണ്ട് വെട്ടിക്കുറച്ചെന്നു പ്രഫ. ആബിദ് ഹുസൈൻ തങ്ങൾ വിമർശിച്ചു.

കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെ പിതൃത്വം ഇ.കെ. നായനാർക്കു കൊടുത്തു കൊണ്ടായിരുന്നു പി. ബാലചന്ദ്രന്റെ പ്രസംഗം. 1991ലെ ജില്ലാ കൗൺസിൽ ആയിരുന്നു യഥാർഥ അധികാരവികേന്ദ്രീകരണത്തിലേക്കുള്ള ആദ്യ ചുവടുവയ്പെന്നായിരുന്നു ബാലചന്ദ്രന്റെ വാദം. രാജീവ് ഗാന്ധിയിൽ തുടങ്ങി നരസിംഹറാവുവിന്റെ കാലത്ത് എത്തി കേരളത്തിൽ പഞ്ചായത്ത് രാജ്, നഗരപാലികാ നിയമം പാസാക്കി ആദ്യ തെരഞ്ഞെടുപ്പ് നടത്തി അധികാരക്കൈമാറ്റം നടത്തുന്നതു വരെയുള്ള കോൺഗ്രസ് പങ്ക് എടുത്തുകാട്ടി അൻവർ സാദത്ത് അധികാരവികേന്ദ്രീകരണത്തിന്റെ പിതൃത്വം കോൺഗ്രസിനു മടക്കിക്കൊടുത്തു.

ശബ്ദരേഖ കൊണ്ടുവന്ന് മദ്യനയത്തിൽ അഴിമതി ആരോപിക്കാനുള്ള പ്രതിപക്ഷ നീക്കം ചീറ്റിപ്പോയെന്നു ടി.ഐ. മധുസൂദനൻ പറഞ്ഞു. മാസംതോറും മദ്യനയം പ്രഖ്യാപിച്ച് എങ്ങനെ പണമുണ്ടാക്കാമെന്നു കാട്ടിത്തന്നവരാണ് ഇപ്പോൾ പ്രതിപക്ഷത്ത് ഇരിക്കുന്നതെന്നും മധുസൂദനൻ കുറ്റപ്പെടുത്തി.

സംസ്ഥാനത്തെ യുവാക്കൾക്കും കുട്ടികൾക്കുമിടയിൽ ലഹരി ഉപയോഗം വ്യാപിക്കുന്നതിന്റെ ആശങ്ക പങ്കുവയ്ക്കുകയായിരുന്നു കെ.കെ. രമയും യു. പ്രതിഭയും.

കെട്ടിടനികുതിയും പെർമിറ്റ് ഫീസുമൊക്കെ വർധിപ്പിച്ചതിന്റെ പഴിയത്രയും സംസ്ഥാന സർക്കാരിനു കിട്ടിയപ്പോൾ അതിന്റെ നേട്ടം പഞ്ചായത്തുകൾക്കാണു ലഭിച്ചതെന്നു മാത്യു ടി. തോമസ് ചൂണ്ടിക്കാട്ടി.

തദ്ദേശസ്ഥാപനങ്ങളിൽ ഒന്നും നടക്കുന്നില്ലെന്നു കുറ്റപ്പെടുത്തിയ പ്രതിപക്ഷ നേതാവിനോടുള്ള അനിഷ്ടം തദ്ദേശമന്ത്രി എം.ബി. രാജേഷ് മറച്ചുവച്ചില്ല. കേന്ദ്രസർക്കാർ സംസ്ഥാനത്തിനു നിയമപരമായി നൽകേണ്ട ഫണ്ടുകൾ പോലും നൽകാത്തപ്പോഴും അതൊന്നും കാണാൻ കണ്ണില്ലാത്ത ധൃതരാഷ്ട്രരെ പോലെയാണു പ്രതിപക്ഷ നേതാവ് എന്നു മന്ത്രി കുറ്റപ്പെടുത്തി. പരിമിതികൾക്കിടയിലും കൈവരിച്ച നേട്ടങ്ങളുടെ നീണ്ട പട്ടിക നിരത്തിയാണ് മന്ത്രി വിമർശനങ്ങളെ പ്രതിരോധിച്ചത്.

പകർച്ചവ്യാധി പ്രതിരോധം

സർക്കാർ പരാജയം: നിയമസഭ വിട്ട് പ്രതിപക്ഷം

പകർച്ചവ്യാധി നിയന്ത്രണ വിധേയമെന്ന് ആരോഗ്യമന്ത്രി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ലോകത്തുള്ള എല്ലാ പകർച്ചവ്യാധികളുടെയും കേന്ദ്രമായി കേരളം മാറിയെന്നും മഴക്കാല പൂർവ ശുചീകരണം ദയനീയമായി പരാജയപ്പെട്ടതാണ് സംസ്ഥാനത്ത് പനിയും പകർച്ചവ്യാധികളും പടർന്നുപിടിക്കാൻ ഇടയാക്കുന്നതെന്നും ആരോപിച്ചു പ്രതിപക്ഷം നിയമസഭയിൽനിന്നു വാക്കൗട്ട് നടത്തി.

സർക്കാരിന്റെ പിടിപ്പുകേടു മൂലം മഴക്കാല പൂർവ ശുചീകരണം താളം തെറ്റിയതാണ് പകർച്ച വ്യാധികളും മഞ്ഞപ്പിത്തവും വ്യാപിക്കാൻ ഇടയാക്കുന്നതെന്ന് അടിയന്തര പ്രമേയ നോട്ടീസ് നൽകിയ ടി.വി. ഇബ്രാഹീം ആരോപിച്ചു.

സംസ്ഥാനത്തു പനിയും പകർച്ച വ്യാധികളും നിയന്ത്രണ വിധേയമാണെന്നു മന്ത്രി വീണാ ജോർജ് അറിയിച്ചു. മഴ, കാലാവസ്ഥാ വ്യതിയാനം, ഉയർന്ന ജനസാന്ദ്രത, പരിസ്ഥിതിയിലെ വനമേഖലയുമായുള്ള സാന്നിധ്യം എന്നിവയാണ് പനിയും പകർച്ചവ്യാധികളും പകരാൻ കാരണമെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയ നോട്ടീസ് സ്പീക്കർ ചർച്ചയ്ക്ക് എടുത്തില്ല.

പനി പടരുന്നതിനിടെ മഞ്ഞപ്പിത്തം, ഡെങ്കിപ്പനി, എലിപ്പനി, ഷിഗെല്ല, അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ്, ഉഗാണ്ടയിൽ മാത്രം കണ്ടു വന്നിരുന്ന വെസ്റ്റ് നൈൽ തുടങ്ങി നിരവധി രോഗങ്ങളാണ് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഈ വർഷം ഇതുവരെ പനിയും പകർച്ച വ്യാധികളും ബാധിച്ചത് 13 ലക്ഷത്തിലേറെ പേർക്കാണെന്നു പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ വാക്കൗട്ട് പ്രസംഗത്തിൽ പറഞ്ഞു. പനിയും പകർച്ച വ്യാധികളും ബാധിച്ച് ഇതുവരെ 117 പേർ മരിച്ചു.

പനി ബാധിച്ച് ഏഴു പേരും ഡെങ്കിപ്പനി ബാധിച്ച് 22 പേരും എലിപ്പനിയെ തുടർന്ന് 61 പേരും ഹെപ്പറ്റൈറ്റിസ് എ ബാധിച്ച് 24 പേരും ഷിഗെല്ല, വെസ്റ്റ് നൈൽ എന്നിവ ബാധിച്ച് മൂന്നു പേരും മരിച്ചതായി പ്രതിപക്ഷനേതാവ് ആരോപിച്ചു.

മഴക്കാല പൂർവ ശുചീകരണം ഒരു പതിറ്റാണ്ടിനിടെ സംസ്ഥാനത്തു ദയനീയമായി പരാജയപ്പെട്ടു.

തദ്ദേശ സ്ഥാപനങ്ങളും തദ്ദേശ ആരോഗ്യ വകുപ്പുകളും സംയുക്തമായി നടത്തേണ്ട മഴക്കാല പൂർവശുചീകരണം തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടത്തിന്റെ പേരിൽ നടത്തിയില്ല. ദിവസങ്ങളോളം കെട്ടിക്കിടക്കുന്ന വെള്ളത്തിൽ നിന്നാണ് രോഗങ്ങൾ പകരുന്നതെന്നും വാക്കൗട്ട് പ്രസംഗത്തിൽ വി.ഡി. സതീശൻ ആരോപിച്ചു.

പി.കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, കെ.കെ. രമ എന്നിവരും വാക്കൗട്ട് പ്രസംഗം നടത്തി.

"പകർച്ചവ്യാധി പ്രതിരോധത്തിന് 12 കോടി നീക്കിവച്ചു; ഒരു ശതമാനം പോലും ചെലവഴിച്ചില്ല"

പകർച്ച വ്യാധി പ്രതിരോധത്തിനും സാംക്രമിക രോഗങ്ങളുടെ നിയന്ത്രണത്തിനുമായി ബജറ്റിൽ 12 കോടി രൂപവകയിരുത്തിയിട്ട് ഇതുവരെ ചെലവഴിച്ചത് 0.08 ശതമാനം മാത്രമാണെന്ന് ആസൂത്രണ ബോർഡിന്റെ കണക്കുകൾ ഉദ്ധരിച്ചു പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ.

പകർച്ച വ്യാധി പ്രതിരോധ നടപടിയൊന്നും സർക്കാരിന്റെ മുൻഗണനയിൽ ഇല്ല.

സംസ്ഥാന, ജില്ലാ, താലൂക്കുതല യോഗം ചേരുന്നതല്ലാതെ പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിലും കാരണങ്ങൾ കണ്ടെത്തുന്നതിലും വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാക്കി ശാശ്വത പരിഹാരം കാണുന്നതിലും പിണറായി സർക്കാർ ദയനീയമായി പരാജയപ്പെട്ടതായും അദ്ദേഹം ആരോപിച്ചു.

കണ്ഠരര് ബ്രഹ്മദത്തൻ ശബരിമലയിൽ താന്ത്രിക ചുമതലയിലേക്ക്

ബ്രഹ്മദത്തൻ

പത്തനംതിട്ട: ശബരിമല ധർമശാസ്താ ക്ഷേത്രത്തിലെ താന്ത്രിക ചുമതലയിലേക്ക് ഇനി കണ്ഠരര് ബ്രഹ്മദത്തനും. കണ്ഠരര് രാജീവരുടെ മകനായ ബ്രഹ്മദത്തൻ (30) ചിങ്ങം ഒന്നിന് നട തുറക്കുമ്പോൾ ശബരിമല ക്ഷേത്രത്തിന്റെ താന്ത്രിക ചുമതലയിൽ പ്രവേശിക്കും.

ചെങ്ങന്നൂർ താഴമൺ മഠത്തിലെ രണ്ട് കുടുംബങ്ങളിൽനിന്നു മാറിമാറിയാണ് ശബരിമലയിലെ തന്ത്രിമാർ വരുന്നത്. ചിങ്ങം മുതൽ കർക്കടകം വരെയാണ് ഇവരുടെ കാലാവധി. കണ്ഠരര് ബ്രഹ്മദത്തൻ കൂടി വരുന്നതോടെ ശബരിമലയിലെ താന്ത്രിക ചുമതലയിൽ തലമുറ മാറ്റം പൂർണമാകുകയാണ്.

ദീപിക ക്ലാസിഫൈഡ്സ്

നഴ്സിംഗ്, ലാബ്, എക്സ്-റേ, & സി.റ്റി. സ്കാൻ
പഠനാനന്തരം പ്രമുഖ ആശുപത്രികളിൽ 6000 – 7000 രൂപ വരെ സ്റ്റൈപ്പന്റോടുകൂടി പരിശീലനവും ജോലിയും ലഭിക്കുന്ന ബി.എസ്.എസ്. അംഗീകൃത കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു. ഹോസ്റ്റൽ സൗകര്യം.
സെന്റ് മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് പള്ളിക്കവല, കുറവിലങ്ങാട് കോട്ടയം – 686633
Ph: 94474 09728 85908 67309 83049 22726
K2405-530831

നഴ്സിംഗ് & പാരാമെഡിക്കൽസ്
48 വർഷം പിന്നിട്ട ഭാരത് മാതായിൽ കേന്ദ്ര ഗവ. (NCVRT New Delhi) അംഗീകൃത രണ്ട് വർഷ തൊഴിലധിഷ്ഠിത Hospital Nursing & Midwifery, Medical Laboratory Technology, Radiology & Imaging Technology ഡിപ്ലോമ കോഴ്സുകളിൽ +2, VHSE, CBSE, any group കാർക്കും പ്രവേശനം. കോളേജ് ഹോസ്റ്റലുകളിൽ താമസം, ബാങ്ക് വായ്പ, പഠനാനന്തരം സ്റ്റൈപ്പൻഡോടുകൂടി ആശുപത്രി പരിശീലനവും ജോലിയും. ഓരോ ബാച്ചിലും 30 സീറ്റുകൾ. അഡ്മിഷന് ബന്ധപ്പെടുക.
ഭാരത് മാതാ കോളേജ് താലൂക്ക് ആശുപത്രിക്ക് സമീപം, കുറവിലങ്ങാട്, കോട്ടയം.
www.bharathmathacollege.com
Ph: 04822-230294 9447030768, 9847630823
K2405-530833

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു
9656207148

നഷ്ടപ്പെട്ടു
എന്റെ F9338124 നമ്പ്ര് കാലാവധി കഴിഞ്ഞ ഇന്ത്യൻ പാസ്പോർട്ട് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടു. ആയത് കണ്ട് കിട്ടുന്നവർ താഴെ കാണുന്ന നമ്പറിൽ അറിയിക്കേണ്ടതാണ് എന്ന്
വിജി റാഫി, പള്ളിക്കുളം വീട് എൽത്തുരുത്ത്, 7034708000
T2407-534756

വില്പനയ്ക്ക്
എറണാകുളം കാക്കനാട് വണ്ടർലായ്ക്ക് പുറകിൽ അഞ്ചേകാൽ സെന്റ് അതിരു തിരിച്ച ഹൗസ് പ്ലോട്ട്.
Cont. 87149 02613
E2407-534793

വീട്,സ്ഥലം ആവശ്യമുണ്ട്
കേരളത്തിലെ No.1 റിയൽഎസ്റ്റേറ്റ് പോർട്ടലായ realkairali.com ന് വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ, വീടുകൾ, വില്ല, ഫ്ളാറ്റ്, ബിൽഡിങ്, എസ്റ്റേറ്റ് ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്.
9539 11 24 24
Z2402-522716

EL SOL POWER SOLUTIONS PVT LTD
78000 രൂപ ഗവൺമെന്റ് സബ്സിഡിയോടുകൂടി സോളാർ സ്ഥാപിക്കാം. കേരളത്തിൽ ഏറ്റവും കൂടുതൽ MNRE സബ്സിഡി പ്രോജക്ട് ചെയ്ത് പരിചയം.
കഴിഞ്ഞ 7 വർഷമായി, 2500 ന് മുകളിൽ കസ്റ്റമേഴ്സും തിരുവനന്തപുരം, കൊല്ലം, കോട്ടയം,എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ ഓഫീസും.
7902222947, 7902222878
K2406-533090

ഹോം നഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ (സ്ത്രീ/പുരുഷൻ) വേതനം: 14000-30000 Rs). ദിവസവേതനത്തിൽ ബൈസ്റ്റാൻഡറെ ലഭിക്കുന്നതിന്.
വെസ്റ്റേൺ, തൊടുപുഴ, മുട്ടം
04862-255326, 9446813356, 9388810095
K2405-530425

കാർമ്മൽ ഹോം നേഴ്സിംഗ്
രോഗീ പരിചരണം (M/F) ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവ ശുശ്രൂഷ എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കാർമ്മൽ ഹോം നേഴ്സിംഗ് കോതമംഗലം Govt. അംഗീകൃതം
Ph : 7558861655, 9746261685
E2402-524938

RAJAGIRI VISWAJYOTHI COLLEGE OF ARTS & APPLIED SCIENCES
VENGOOR, PERUMBAVOOR
UG HONOURS PROGRAMMES
3 Year Degree/ 4 Year Honours
MAJORS
B.Com (Hons.) Batch 1: Finance & Taxation/ Accounting with ACCA 9 paper exemption Batch 2 Finance & Taxation/Financial Market Batch 3 Logistics Management/ Marketing
BA.English (Hons.) Media Studies, Film Studies
BSc.Psychology(Hons.)
BSW(Hons.)
AICTE Approved MGU-UGP
BBA (Hons.) with Digital Marketing
BCA (Hons.) with AI & Robotic
MINORS
• Journalism & Communication • Clinical Nutrition & dietetics • Commerce • Computer Application • English • Fitness Management • Library & Information Science • Multimedia • Social Work • Psychology • Statistics
0484-2644777 +91 9048056118
admissions@rajagiriviswajyothi.org www.rajagiriviswajyothi.org
E2406-533270

SSLC/+2ക്കാർക്ക് സുവർണ്ണാവസരം
GNM, BSS രണ്ടുവർഷ നഴ്സിംഗ്, ലാബ്, ഫാർമസി, ഡയാലിസിസ്, OT, X-Ray, CT & MRI, BPT കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. രണ്ടാം വർഷം സൗജന്യ താമസവും സ്റ്റൈഫന്റും (5000– 8000), സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യം
St. Xaviers School of Nursing
Near Bus Stand, Kuruppanthara
Ph: 9188737820 9526668857
K2406-532811

അനുഗ്രഹസ്മരണ

ജോസഫ് തൊടുപുഴ
K2407-534731

കുട്ടികളുടെ ദീപിക

സാമ്പത്തികം
പേഴ്സണൽ ലോൺ, ബിസിനസ് ലോൺ, ലോൺ against പ്രോപ്പർട്ടി ലോൺ സംബന്ധമായ എല്ലാ വിവരങ്ങൾക്കും ബന്ധപ്പെടുക. മുൻകൂർ ചിലവുകൾ നൽകേണ്ടതില്ല.
Gurukripa Online Service
95442 69346
K2407-534743

NOTICE
I, GANGADEVI, KUNNATH HOUSE, AVITTATHUR P O, MUKUNDAPURAM TEHSIL, THRISSUR, KERALA AND MOTHER OF NO 15795337K HAV PREM KUMAR K U OF ARMY AD CORPS. I HEREBY DECLARE THAT MY CORRECT DATE OF BIRTH IS 06 MAR 1971 AS PER MY AADHAR CARD AND PAN CARD.
T2407-534767

CHANGE OF NAME
I,DEVADASAN father of RAKESH.D Residence at village - Kannambra - 1, Taluk Alathur, Dt Palakkad, State kerala-678683. Have changed my name from DEVADASAN to DEVADASAN .N affidavit dated 15 - 06 - 2024 before palakkad court.
T2407-534779

അസാധ്യകാര്യങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ യൂദാ തദ്ദേവൂസേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ..
മേഴ്സി ഇമ്മാനുവൽ
T2407-534768

കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം (M/F), ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവശുശ്രൂഷ, ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ, കോവിഡ് ഡ്യൂട്ടി എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കൃപ ഹോം നേഴ്സിംഗ്, മുട്ടം
Ph: 7902857211 9746518466
K2403-527302

CHANGE OF NAME
I, Chitra Sankaranarayanan, holder of Passport No. M4270873, Residing at Bish Bhavan, Dr. AR Menon Road, Naickanal, Thrissur, Kerala, do here by change my name to Chitra Sankar.
T2407-534735

വീ കെയർ പാലാ
വീട്ടുജോലി, ഹോംനേഴ്സ്, പ്രസവശുശ്രൂഷ കേരളത്തിനകത്തും പുറത്തും
7994667844, 9847167844, 7994667944
K2405-531494

മദ്യപാനത്തിന് സുരക്ഷിതമായ ആയുർവേദ ചികിത്സ ലഭ്യമാണ്.
Nava Care Ayurveda Edappally
9447114567
K2406-533345

ദീപം സെപ്റ്റിക് ക്ലീനിങ്
ബ്ലോക്ക്, മെയിന്റൻസ് ജില്ലയിലെവിടെയും
Mob: 8606541044, 7034770142
T2407-534755

Valavi & Co
Near Market Bridge Broadway Ernakulam
Ph: 0484 235 3765 9074885863
Mail: brovalavi@gmail.com
E2405-531294

The Best Education for Your Future
BHARATA MATA COLLEGE OF COMMERCE & ARTS CHOONDY, ALUVA
UG HONOURS PROGRAMMES OFFERED
BCA (Approved by AICTE)
BBA (Approved by AICTE)
B.Com. Finance & Taxation and Logistics Management
B.Com. Financial Markets and Logistics Management
BSW Development Social Work and Medical and Psychiatric Social Work
B.Sc. Cyber Forensics Network Securtiy
APPLY NOW
GET IN TOUCH 0484-2837540
www.bmcca.edu.in mail@bmcca.edu.in
*conditions apply
E2406-532809

കേരള സംസ്ഥാന ഭാഗ്യക്കുറി STHREE SAKTHI SS-422 DRAW RESULT 02/07/2024
ഒന്നാം സമ്മാനം ₹75 ലക്ഷം SN 252192 (പാലക്കാട്)
സമാശ്വാസ സമ്മാനം ₹8000 SO 252192 SP 252192 SR 252192 SS 252192 ST 252192 SU 252192 SV 252192 SW 252192 SX 252192 SY 252192 SZ 252192
രണ്ടാം സമ്മാനം ₹10 ലക്ഷം SW 165612 (തൃശൂർ)
താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്
മൂന്നാം സമ്മാനം ₹5000 0583 0696 1544 1714 1952 2350 2442 4061 4601 4983 5418 6194 6227 6647 7942 9055 9100 9741
നാലാം സമ്മാനം ₹2000 0761 2674 4033 8576 8769 8863 9095 9193 9761 9770
അഞ്ചാം സമ്മാനം ₹1000 0192 0536 0980 1313 1502 2288 2367 4117 5168 5528 5809 5830 6153 6253 6947 7517 7773 8302 8601 8651
ആറാം സമ്മാനം ₹500 0099 0318 0574 0758 0926 1117 1176 1279 1799 1829 1867 2150 2264 2298 2359 2471 2494 2634 2856 2932 3473 3486 3489 3539 3767 4364 4561 4703 4957 5199 5459 5700 6470 6767 6969 7274 7566 7864 8487 8501 8907 8968 9110 9121 9142 9149 9174 9228 9567 9693 9863 9944
ഏഴാം സമ്മാനം ₹200 0250 0811 0828 1026 1226 1243 1351 1401 1429 1474 2205 2319 2621 2709 2913 3157 3718 3968 4050 4064 4394 4446 4875 4881 4886 4914 5067 5238 5815 5930 6244 6271 6329 6424 6447 6758 6936 7325 7919 8709 9002 9274 9547 9623 9740
എട്ടാം സമ്മാനം ₹100 0003 0008 0015 0149 0373 0398 0420 0512 0578 0592 0668 0873 1004 1039 1189 1235 1246 1312 1477 1604 1627 1785 1810 1822 1828 1866 1868 2092 2174 2610 2801 2845 2865 3019 3142 3181 3290 3339 3387 3452 3462 3531 3628 3699 3702 3751 3762 3888 3940 3997 4063 4183 4214 4322 4378 4586 4608 4650 4667 4679 4853 5194 5237 5302 5324 5348 5373 5378 5506 5629 5831 5859 5981 5991 6021 6049 6275 6281 6357 6394 6491 6509 6663 6806 6987 7008 7084 7091 7215 7315 7345 7361 7367 7451 7455 7615 7681 7683 7920 7929 7947 8028 8111 8190 8207 8214 8240 8247 8261 8455 8505 8594 8789 8817 8874 8978 8996 9081 9335 9378 9417 9555 9647 9710 9800 9838
(മെമ്പർ ഷിപ്പ് ഉള്ളവർക്ക് മാത്രം) ഡിസ്ട്രിക്ട് ഓഫീസ് ഇടുക്കി, ഡിസ്ട്രിക്ട് ഓഫീസ് കോട്ടയം, ഡിസ്ട്രിക്ട് ഓഫീസ് തിരുവനന്തപുരം. വിജയിക്കുന്ന ടിക്കറ്റുകൾ ഒന്നുമുതൽ 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക
www.statelottery.kerala.gov.in
R2406-534490

SOUTH INDIAN Bank EXPERIENCE NEXT-GEN BANKING
Regional Office Thrissur: Platinum Jubilee Building, Civil Lane Road, Ayyanthole, Thrissur-680003. Ph: 0487-2424292, 9895099120, E-mail: ro1006@sib.co.in
Reg.Office: SIB House, TB Road, Mission Quarters, Thrissur, Kerala-680001 Ph: 0487-24200 20, 21, E-mail: sibcorporate@sib.co.in
www.southindianbank.com CIN No.: L65191KL1929PLC001017
Ref: TCR/RO/REC/SAR/SN/ABI/56/2024-25 തീയതി : 14.06.2024
ഇ – ലേല വിൽപ്പന അറിയിപ്പ്
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപ്പനക്കായുള്ള ഇ- ലേല വിൽപന അറിയിപ്പ്.
(1) ശ്രീ. രാമചന്ദ്ര മേനോൻ, മാധവം, കണ്ണിങ്കാട്ട് ഹൗസ്, വസന്ത് നഗർ, പട്ടുരായ്ക്കൽ, തൃശ്ശൂർ- 680022 (ജാമ്യക്കാർ/അന്തരിച്ച ശ്രീമതി. ജയ രാമചന്ദ്ര മേനോന്റെ നിയമപരമായ അവകാശി). (2). ശ്രീ. അർജ്ജുൻ മേനോൻ, മാധവം, കണ്ണിങ്കാട്ട് ഹൗസ്, വസന്ത് നഗർ, പട്ടുരായ്ക്കൽ, തൃശ്ശൂർ-680022 (അന്തരിച്ച ശ്രീമതി. ജയ രാമചന്ദ്ര മേനോന്റെ നിയമപരമായ അവകാശി). (3). കുമാരി. ആരതി മേനോൻ, മാധവം, കണ്ണിങ്കാട്ട് ഹൗസ്, വസന്ത് നഗർ, പട്ടുരായ്ക്കൽ, തൃ